**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **27-07-2021 - ൽ മറുപടിയ്ക്ക്**

**നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (എ) | നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെട്ട് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ എല്ലാ കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ഓരോ മാസത്തിലും ക്രമമായി സന്ദർശിച്ച് നിരോധിത ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിരോധിത കീടനാശിനി കൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരോധിത കീടനാശിനികൾ കൈവശം വയ്ക്കുന്ന സ്റ്റോക്ക് പിടിച്ചെടുക്കുകയും ഡിപ്പോ പൂട്ടി മുദ്ര വയ്ക്കുകയും, ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിരോധിത കീടനാശിനികൾ സംബന്ധിച്ച് വ്യാപകമായ ബോധവത്കരണം യഥാസമയം കർഷകർക്ക് നൽകി വരുന്നു. വ്യാജ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഭവനിലും, പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുന്നതിന് കർഷകർക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ (QC) മാരും ഡിപ്പോകൾ തുടർച്ചയായി സന്ദർശിച്ചു ഇക്കാര്യം ഉറപ്പു വരുത്തുന്നുണ്ട്. എൻഡോസൾഫാൻ കീടനാശിനികളുടെ അനധികൃത കടത്ത്, സംഭരണം, ഉപയോഗം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ 23/05/2011-ൽ രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി സ്ക്വാഡിന്റെ പ്രവർത്തനം മറ്റ് നിരോധിത കീടനാശിനികളുടെ നിയന്ത്രണത്തിന് കൂടി ബാധകമാക്കി കൊണ്ട് 28/06/2021 ൽ GO (Ms) 61/2021/Agri പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിരോധിത |

| | | | |
|---|---|---|---|
| | | | കീടനാശിനികൾ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തിലേക്ക് കടത്തി കൊണ്ട് വരുന്നത് തടയുന്നതിനായി പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവർക്ക് കൂടി നിരോധിച്ച കീടനാശിനികളുടെ പട്ടിക കൈമാറുകയും ഫലപ്രദമായ എൻഫോഴ്സ്മെന്റ് നടപടികൾ ഏകോപിപ്പിക്കാൻ ടി വകുപ്പുകളുടെ ജില്ലാതല മേധാവികളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ